## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 543

27.09.2011- ൽ
മറുപടിയ്ക്ക്

## കേരളത്തിൽ ഐ.ഐ.ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) | കേരളത്തിൽ ഐ.ഐ.ടി. സ്ഥാപിക്കുമെന്ന് ബഹു. പ്രധാനമന്ത്രി കേരള സന്ദർശന വേളയിൽ നൽകിയ വാഗ്ദാനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ഐ.ടി കേരളത്തിൽ ആരംഭിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | പാർലമെന്റിലെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാന എം.പി മാരുടെ യോഗത്തിൽ സംസ്ഥാനത്ത് ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി കൂട്ടായ പരിശ്രമം നടത്താൻ തീരുമാനിക്കുകയുണ്ടായി. 2011 സെപ്റ്റംബർ 19 മുതൽ കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹി സന്ദർശിച്ച ഉന്നതതല മന്ത്രി സംഘം ഈ ആവശ്യം ഉന്നയിച്ച് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് നിവേദനം നൽകുകയും 2012ൽ ആരംഭിക്കുന്ന 12-ാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിന് ഒരു ഐ.ഐ.ടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സാമ്പത്തിക വർഷം പ്രധാന മന്ത്രിയുടെ ശാസ്ത്ര ഉപദേശക കൗൺസിൽ ശുപാർശ പ്രകാരം പുതുതായി 8 ഐ.ഐ.ടി. കൾ തുടങ്ങുമെന്നും കേരളത്തിൽ ഐ.ഐ.ടി സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്നില്ലെന്നും കേന്ദ്ര മാനവശേഷി വികസനമന്ത്രി പറഞ്ഞതായ വാർത്ത സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ കേന്ദ്രത്തെ ഇത് ബോധ്യ പ്പെടുത്തി ഐ.ഐ.ടി ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കു മെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | പാർലമെന്റിലെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാന എം.പി മാരുടെ യോഗത്തിൽ സംസ്ഥാനത്ത് ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി കൂട്ടായ പരിശ്രമം നടത്താൻ തീരുമാനിക്കുകയുണ്ടായി. 2011 സെപ്റ്റംബർ 19 മുതൽ കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹി സന്ദർശിച്ച ഉന്നതതല മന്ത്രി സംഘം ഈ ആവശ്യം ഉന്നയിച്ച് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് നിവേദനം നൽകുകയും 2012ൽ ആരംഭി ക്കുന്ന 12-ാം പഞ്ചവത്സര പദ്ധതി യിൽ കേരളത്തിന് ഒരു ഐ.ഐ. ടി സ്ഥാപിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട ഐ.ഐ.ടി പാലക്കാട് ജില്ലയിൽ സ്ഥാപിക്കാമെന്ന് 22.09.2011ൽ കേന്ദ്ര മാനവ വിഭവ ശേഷി വികസന വകുപ്പ് സഹമന്ത്രിയുമായുള്ള ചർച്ചയിൽ സമ്മതിച്ചിട്ടുണ്ട്. ഇതിലേക്കായി കേരള സർക്കാരിന്റെ കൈവശ മുള്ള 250 ഏക്കർ ഭൂമിക്കു പുറമേ 300 ഏക്കർ കൂടി ഏറ്റെടുത്തു നൽകുന്നതിനുള്ള സന്നദ്ധത കേന്ദ്ര ഗവൺമെന്റിനെ അറിയി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ